# ആത്മീയ പോരാട്ടം

സാക് പുന്നൻ

WFTW 04 സെപ്റ്റംബർ 2016

എഫേ 6:1018 ൽ നാം സാത്താനുമായുള്ള ആത്മീയപോരാട്ടത്തെകുറിച്ച് വായിക്കുന്നു. ഭവനത്തെകുറിച്ച് പറഞ്ഞിരിക്കുന്ന ഭാഗം കഴിഞ്ഞ ഉടൻ ആണ് ആത്മീയപോരാട്ടത്തെകുറിച്ചുള്ള ഭാഗം വന്നിരിക്കുന്നത് എന്നത് ശ്രദ്ധിക്കുക. പിശാച് എപ്പോഴും ആദ്യം ആക്രമിക്കുന്നത് ഭവനത്തെയാണ്. നാം പിശാചിനെതിരായി ഉറച്ചുനിൽക്കുകയും ഒരിക്കലും ജഡരക്തങ്ങളോട് പോരാടാതിരിക്കുകയും വേണം. (എഫേ 6:12). സാത്താനോട് ഫലപ്രദമായി പോരാടണമെങ്കിൽ ഒന്നാമതായി നിങ്ങൾക്ക് ഉണ്ടാകേണ്ട യോഗ്യത മനുഷ്യരോടുള്ള എല്ലാ പോരാട്ടങ്ങളും അവസാനിപ്പിക്കുക എന്നതാണ്. അനേകം വിശ്വാസികളും സാത്താനായി കീഴടക്കപ്പെടുന്നു എന്നതിന് കാരണം അവർ മനുഷ്യരുമായി അത്രമാത്രം പോരാടുന്നു എന്നതാണ്.ഒരു കാര്യത്തെ ചൊല്ലിയും ഒരു മനുഷ്യനോടും ഒരിക്കലും പോരാടുകയില്ലെന്ന് അനേകം വർഷങ്ങൾക്ക് മുമ്പ് തന്നെ ഞാൻ ഒരു തീരുമാനം എടുത്തു. അതിനു ശേഷം എനിക്ക് സാത്താനോട് ഫലപ്രദമായി പോരാടാൻ കഴിയുമെന്ന് ഞാൻ കണ്ടെത്തി. നിങ്ങൾ ഈ ഒരു തീരുമാനം എടുക്കുമെങ്കിൽ ഒരിക്കലും മനുഷ്യനോട് പോരാടുകയില്ലെന്ന് നിങ്ങൾക്ക് നിരന്തരമായി സാത്താനെ ജയിക്കുവാനും നിങ്ങളുടെ ജീവിതം കൊണ്ട് ദൈവത്തിനും സഭയ്ക്കും
പ്രയോജനകരമായ ചില കാര്യങ്ങൾ ചെയ്യുവാനും കഴിയും. സർവ്വായുധ വർഗ്ഗം എന്നത് ദൈവം നിങ്ങൾക്ക് നൽകിയിട്ടുള്ള ആത്മീയ ആയുധത്തിൻറെ വിവിധ ഭാഗങ്ങളുടെ ചിത്രമാണ്.

ഏറ്റവും ആദ്യം സത്യം എന്ന അരക്കച്ചയാണ് സത്യം എന്നത് അർത്ഥമാക്കുന്നത് പരമാർത്ഥത, യാഥാർത്ഥ്യം ,കാപട്യമില്ലായ്മ, ഭോഷ്ക്ക് ഇല്ലായ്മ ഇവയാണ്. ഈ പാപങ്ങളിൽ നിന്ന് നിങ്ങൾ സ്വതന്ത്രർ അല്ലങ്കിൽ സാത്താനോട് പോരാടുന്ന കാര്യം നിങ്ങൾ അപ്പാടെ മറന്നേക്കുക. പിശാച് ഭോഷ്ക്ക് പറയുന്ന ഒരുവനാണ് അപ്പോൾ നിങ്ങളുടെ ആന്തരിക ജീവിതത്തിൽ കള്ളം പറയുന്ന സ്വഭാവം നിങ്ങൾക്കുണ്ടെങ്കിൽ,നിങ്ങളുടെ അകത്തെ മനുഷ്യനുമായി സാത്താന് കൂട്ടായ്മ ഉണ്ടായിരിക്കും,. അപ്പോൾ നിങ്ങൾക്ക് സാത്താനെ ജയിക്കുവാൻ കഴിയുകയില്ല അതുകൊണ്ട് നിങ്ങളുടെ ജീവിതം എല്ലാ സമയത്തും സുതാര്യവും കപടമില്ലാത്തുമാണെന്ന് നിങ്ങൾ ഉറപ്പുവരുത്തുക.

മാർകവചം എന്നത് നീതിയാണ്. രണ്ട് തരത്തിലുള്ള നീതിയുണ്ട്. 1). നമ്മിൽ ചുമത്തപ്പെടുന്ന ക്രിസതുവിൻറെ നീതി, അതിനാലാണ് നാം നീതീകരിക്കപ്പെട്ടിരിക്കുന്നത്( ദൈവത്താൽ തന്നെ നാം നീതിമാനെന്ന് പ്രഖ്യാപിക്കപ്പെടുന്നു.)2). നാം ആത്മീയമായി വളരുമ്പോൾ പരിശുദ്ധാത്മാവിലൂടെ കുറേശ്ശേ കുറേശ്ശേ നമ്മളാൽ പങ്കുവഹിക്കപ്പെടുന്നതു വഴി നമ്മിലേയ്ക്ക് പകരപ്പെടുന്ന ക്രിസ്തുവിൻറെ നീതി. എല്ലായ്പ്പോഴും ഒരു നല്ല മനസ്സാക്ഷി സൂക്ഷിക്കുന്നതും ദൈവം നമുക്ക് കാണിച്ചു തരുന്നതെല്ലാം അനുസരിക്കുന്നതും ഉൾപ്പെടുന്നതാണ് ഇത്.

അടുത്തതായി വരുന്നത് സുവിശേഷം പ്രസംഗിക്കുന്നതിനുള്ള ഒരുക്കമെന്ന ചെരുപ്പാണ്. മറ്റുള്ളവരോട് സുവിശേഷം പ്രസംഗിക്കുന്നത് നമുക്ക് സാത്താനെ ജയിക്കാൻ കഴിയുന്ന ഒരുമാർഗ്ഗമാണെന്ന് നിങ്ങൾക്കറിയാമോ? അലസന്മാരായി , സുവിശേഷം പങ്ക് വെക്കുന്നതിനെ പറ്റി ഒരിക്കലും ചിന്തിക്കാത്തവർ എളുപ്പത്തിൽ സാത്താനാൽ കീഴടക്കപ്പെടുന്നു. എന്നാൽ സജീവമായി കർത്താവിനെ സേവിക്കുന്നവർ സംരക്ഷിക്കപ്പെടുന്നു. എൻറെ യൗവ്വനകാലത്ത്, യുവാക്കൾ നേരിടുന്ന അനേകം പ്രലോഭനങ്ങളിൽ നിന്ന് എന്നെ സംരക്ഷിച്ച കാര്യം ഞാൻ എൻറെ ഒഴിവു സമയങ്ങളിലധികവും ദൈവ വചനം പഠിക്കുന്നതിനും മറ്റ് വിശ്വാസികളുമായി

കൂട്ടായ്മ ആചരിക്കുന്നതിനും , കർത്താവിനുവേണ്ടി സാക്ഷിയാകുന്നതിനുവേണ്ടി ചെലവഴിച്ചു എന്നതായിരുന്നു എന്ന് ഞാൻ ഓർക്കുന്നു. ഞാൻ ലോക പ്രകാരമുള്ള ഒരു ജോലി ചെയ്യുകയായിരുന്നു. എന്നാൽ ആഴ്ചയിൽ രണ്ട് പ്രാവശ്യം കൊച്ചിയുടെ( ഞാൻ താമസിച്ചിരുന്ന നഗരത്തിൽ) തെരുവീഥികളിൽ സുവിശേഷം പ്രസംഗിച്ചുകൊണ്ട് ഏതാനും മണിക്കൂറുകൾ ഞാൻ ചിലവഴിക്കുമായിരുന്നു. അവിടെയുള്ള നേവൽ ബേസിൽ ഞാൻ ജോലിചെയ്തിരുന്ന രണ്ട് വർഷങ്ങൾക്കുള്ളിൽ ആ നഗരത്തിലെ
ഏതാണ്ട് ഭൂരിഭാഗം തെരുവുകളും ഞാൻ തീർത്തിട്ടുണ്ടാകും. സുവിശേഷ ഘോഷണം നടത്തുക, ലഘുലേഖകൾ വിതരണം ചെയ്യുക, നാലോ അഞ്ചോ ആളുകളുള്ള ചെറിയ കൂട്ടങ്ങളുമായി ഭവനങ്ങളിൽ സുവിശേഷം പങ്കുവെയ്ക്കുക, എന്നീ കാര്യങ്ങൾ എന്നെ തിരക്കുള്ളവനാക്കി നീർത്തുകയും അതുവഴി ഞാൻ അനേകം പ്രലോഭനങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടുകയും ചെയ്തു. നമുക്ക് ഒന്നും ചെയ്യാനില്ലാതെ ധാരാളം ഒഴിവു സമയം ഉണ്ടായാൽ അനേകം പ്രലോഭനങ്ങൾ നമ്മിലേക്ക് വരും അലസമായ മനസ്സ് വാസ്തവത്തിൽ പിശാചിൻറെ പണിപ്പുരയാണ്. ദൈവവുമായുള്ള സമാധാനത്തിൻറെ സുവിശേഷം മറ്റുള്ളവർക്ക് നൽകുവാൻ നമ്മുടെ പാദങ്ങൾ എപ്പോഴും ഒരുക്കമുള്ളതായിരിക്കണം. അത് ഒന്ന് പരീക്ഷിച്ചു നോക്കുക എന്നിട്ട് ,സാത്താനോടുള്ള യുദ്ധത്തിൽ അത് നിങ്ങളെ സഹായിക്കുമോ ഇല്ലയോ എന്ന് കാണുക.

സർവ്വായുധ വർഗ്ഗത്തിൻറെ നാലാമത്തെ അംശം വിശ്വാസം എന്ന പരിചയാണ്. നമ്മെ ദൈവസ്നേഹത്തെ കുറിച്ച് സംശയമുള്ളവരാക്കി തീർക്കുക എന്നത് സാത്താൻറെ ഏറ്റവും വലിയ ആയുധങ്ങളിൽ ഒന്നാണ്. ഏഥനിൽ ഹൗവ്വയ്ക്ക് നേരെ അവൻ വിക്ഷേപിച്ച മിസൈൽ ഇതാണ്. ദൈവം യഥാർത്ഥത്തിൽ അവളെ സ്നേഹിച്ചിരുന്നെങ്കിൽ ഇത്ര ആകർഷകമായ പഴം അവളിൽ നിന്ന് മാറ്റി വെയ്ക്കുകയില്ലായിരുന്നു എന്ന് അഭിപ്രായം പറഞ്ഞുകൊണ്ട് അവൻ സംശയത്തിൻറെ ഒരു വിത്ത് അവളുടെ മനസ്സിൽ വിതച്ചു. അവൾ ആ മിസൈലിനടിയിൽ വീണു. വിശ്വാസം എന്നത് ദൈവം നമ്മെ തീവ്രമായി സ്നേഹിക്കുന്നു.എന്നും , ഓരോ സാഹചര്യത്തിലും അവിടുന്നു നമുക്ക് വേണ്ടി ഏറ്റവും നല്ലത് ആഗ്രഹിക്കുന്നു എന്നും വിശ്വസിക്കുന്നതും നാം പരാജയപ്പെട്ടിട്ടുള്ളപ്പോൾ പോലും അവിടുന്ന് നമ്മെ സ്നേഹിക്കുന്നു എന്ന് അറിയുന്നതുമാണ്.അപ്പോൾ സാത്താൻറെ ഓരോ മിസൈലും കെട്ടുപോകും.

അഞ്ചാമത്തെ ഇനം സാത്താൻറെ വാളാണ്. യേശു എല്ലായ്പ്പോഴും സാത്താനെ ജയിച്ചത് ദൈവവചനം ഉദ്ധരിച്ചുകൊണ്ടാണ്. ഹവ്വ ചെയ്തതുപോലെ അവിടുന്ന് സാത്താനുമായി ഒരു ചർച്ചയിലേക്ക് കടന്നില്ല. ദൈവം പറഞ്ഞിട്ടുള്ള കാര്യം സാത്താനോട് പറയുക മാത്രം ചെയ്തു. അങ്ങനെ അവിടുന്ന് എല്ലായിപ്പോഴും ജയിച്ചു. പ്രലോഭനത്തിൻറെ സമയത്ത് നാം ഇപ്രകാരമുള്ള വചനങ്ങൾ ഉദ്ധരിക്കണം. 'എൻറെ കഴിവിനു മീതെ പരീക്ഷിക്കപ്പെടുവാൻ ദൈവം എന്നെ അനുവദിക്കുകയില്ല (1 കൊരി 10:13), പാപത്തിന് എൻറെ മേൽ കർതൃത്വം നടത്തുവാൻ കഴിയുകയില്ല (റോമ 6:14) ,വീഴാതെ വണ്ണം എന്നെ സൂക്ഷിക്കുവാൻ യേശു കഴിവുള്ളവനാണ് ( യൂദ 24)'. സാത്താനോട് ദൈവവചനം ഉദ്ധരിക്കുക അപ്പോൾ അവൻ യേശുവിൽ നിന്ന് ഓടിപ്പോയതുപോലെ നിങ്ങളിൽ നന്നും ഓടിപ്പോകും. ( യാക്കോബ് 4:7)

അവസാനമായി , നാം സമ്മുടെ സർവ്വായുധ വർഗ്ഗം നന്നായി എണ്ണയിട്ട് സൂക്ഷിക്കണം. നാം അത് എങ്ങനെ ചെയ്യും.? 'സകല പ്രാർത്ഥനയാലും യാചനയാലും ഏതു സമയത്തും ആത്മാവിൽ പ്രാർത്ഥിക്കുക' (എഫേ 6:18) ആത്മാവിൽ പ്രാർത്ഥിക്കുക എന്നത് അറിയപ്പെടാത്ത ഭാഷയിൽ പ്രാർത്ഥിക്കുന്നതിനെയല്ല സൂചിപ്പിക്കുനത്. അന്യഭാഷയിൽ പ്രാർത്ഥിക്കുക എന്നു പറയുന്നത് നമ്മുടെ ആത്മാവുകൊണ്ട് പ്രാർത്ഥിക്കുന്നതിനാണ്' (1കൊരി14:15). ആത്മാവിൽ പ്രാർത്ഥിക്കുക എന്നത് പരിശുദ്ധാത്മാവിനാൽ പ്രചോദിക്കപ്പെടുന്ന പ്രാർഥനയാണ് . നമ്മുടെ ജഡത്തിനാലല്ല നാം നമ്മുടെ മനസ്സിനെ

പരിശുദ്ധാത്മാവിനാൽ പുതുക്കപ്പെടുവാനും. നമ്മുടെ നാവിനെ അവിടുത്തെ നിയന്ത്രണത്തിനു വിധേയപ്പെടുത്തുവാനും അനുവദിക്കുമെങ്കിൽ നാം പരിശുദ്ധാത്മാവിൽ പ്രാർത്ഥിക്കും. പൗലൊസ് പറയുന്നു. വിശേഷാൽ എനിക്ക് വേണ്ടി പ്രാർത്ഥിപ്പിൻ ( ഐഫേ 6:19)കർത്താവിൻറെ യുദ്ധങ്ങളിൽ മുന്നണിയിൽ യുദ്ധം ചെയ്യുന്ന കർത്താവിൻറെ ദാസന്മാർക്കുവേണ്ടി നാം പ്രത്യേകമായി പ്രാർത്ഥിക്കേണ്ടതുണ്ട്.

ദൈവത്തിൻറെ സർവ്വായുധ വർഗ്ഗം കൊണ്ട് പാതാള ഗോപുരങ്ങൾക്കെതിരെ ജയോത്സവമാകത്തക്കവിധത്തിൽ നമുക്ക് കർത്താവിൻറെ ശരീരം പണിയാൻ കഴിയും.